# കേരളം വലിയൊരു നാശത്തിനുമുന്നിൽ?



ശില്പം : ജയൻ എ.കെ.

**കേരളം** ഒരു പ്രത്യേക ഘട്ടത്തിലാണിപ്പോൾ. ലോകമാകെ തുടരുന്ന പുതിയ "വികസനം" കൊണ്ടുള്ള അതിവേഗ നാശമാണത്. തീർച്ചയായും വളരെ കുറച്ച് അതിസമ്പന്നർക്കും അവരുടെ പിണിയാളുകൾക്കും വൻവികസനം ഉണ്ടാകുന്നുണ്ട്. എന്നാൽ സാധാരണക്കാർ മുതൽ മദ്ധ്യവർഗ്ഗം വരെയുള്ള സാമാന്യ ജനങ്ങൾക്ക് ദുരിതവും ആത്യന്തികമായി ദുരന്തവും മാത്രം സമ്മാനിക്കുന്ന ഈ കാലത്തിന്റെ ലക്ഷണങ്ങളായിട്ടാണോ സ്മാർട്ട് സിറ്റിയും വരുന്നത്? തൊഴിൽ ലഭിക്കുമെന്ന് പറഞ്ഞാൽ എന്തു വ്യവസായവും സ്മാർട്ടാകുന്ന കേരളീയ മനസ്സിനെ ദേശത്തിനുള്ളിൽ മറ്റൊരു രാജ്യം പോലെ (പ്രത്യേക സാമ്പത്തിക മേഖല) വേറൊരു അധികാരം ഉണ്ടാകുന്നതിൽ പ്രശ്നമുണ്ടാകില്ല. എന്നാൽ സാധാരണക്കാർക്കങ്ങിനെയല്ല. അവർക്ക് തങ്ങളുടെ സ്വാതന്ത്ര്യവും പരമാധികാരവും നഷ്ടപ്പെടുന്നത് പ്രശ്നം തന്നെ. ജനാധിപത്യപരമായാണോ നമ്മളീ തീരുമാനം എടുക്കുന്നത്? സാമൂഹ്യനീതിയും എല്ലാവർക്കും തുല്യതയും ഒരു സ്വപ്നം മാത്രമാണോ?

**ഏഴ്** വർഷം മുമ്പ് തുടങ്ങിയ ഒരു കമ്പനിയും അഞ്ച് വർഷത്തിലധികമായി തുടരുന്ന ഒരു സമരവുമാണ് പ്ലാച്ചിമടയിൽ നടക്കുന്ന കോള കമ്പനിക്കെതിരെയുള്ള ചെറുത്തുനില്പ്. കമ്പനി താല്ക്കാലികമായി അടഞ്ഞു കിടക്കുന്നുണ്ടെങ്കിലും സമരമുന്നയിച്ച യാതൊരു പ്രശ്നവും പരിഹരിച്ചില്ലെന്ന് മാത്രമല്ല സമരം തുടങ്ങിയപ്പോഴുള്ള സ്ഥിതിയേക്കാൾ മോശപ്പെട്ട അവസ്ഥയാണ് പ്ലാച്ചിമടയിലും കേരളത്തിലുമുള്ളത്. എല്ലാവരും പിന്തുണയ്ക്കുന്നുണ്ട് എന്ന് കരുതുന്ന ഈ സമരം വിജയം നേടാത്തതെന്തുകൊണ്ട്? രാഷ്ട്രീയ പാർട്ടികളുടെയും ഉദ്യോഗസ്ഥ-കോടതി സംവിധാനങ്ങളുടെയും പരാജയം മാത്രമാണോ? പൊതു സമൂഹത്തിന്റെ തിരിച്ചറിവില്ലായ്മയാണോ പ്രശ്ന കാരണം? എല്ലാവരും പിന്തുണച്ചിട്ടും, പെപ്സിക്കെതിരായുള്ള സമരം (!) കഞ്ചിക്കോട് തുടരുമ്പോൾ കമ്പനിയുടെ പ്രവർത്തനം തടയാനാവാത്തതെന്ത്? സമരത്തിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കാപട്യം മാത്രമല്ല, പ്രശ്നത്തിന്റെ ഗൗരവം, സങ്കീർണ്ണത വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ലാത്ത കേരളീയരുടെ അവസ്ഥയും കാരണമാവാം.

**നമ്മുടെയെല്ലാം** ജീവിതം എന്തായിരിക്കണം, എങ്ങിനെയായിരിക്കണം എന്നു തീരുമാനിക്കുക നമ്മൾ തന്നെയാകും എന്ന് സ്ഥിതിയിലേക്ക് വളരുന്ന വികേന്ദ്രീകൃതവും സുസ്ഥിരവുമായ ഒരു നല്ല ജനാധിപത്യ വ്യവസ്ഥ ഉണ്ടാവുകയാണ് പ്രധാനം. പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും അടിമകളായല്ല, സ്വതന്ത്ര മനുഷ്യരായും കൂട്ടായും നമ്മൾ ഈ സങ്കീർണ്ണ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാൻ പരിശ്രമിക്കുമ്പോഴേ ജനാധിപത്യത്തിലേക്ക് മുന്നേറാനാവൂ.

**പാത്രക്കടവിൽ** മറ്റൊരു പേരിൽ സൈലന്റ്‌വാലി പദ്ധതി നടപ്പാക്കാൻ ശ്രമിക്കുമ്പോഴും ചാലക്കുടി പുഴയിൽ അതിരപ്പിള്ളി പദ്ധതിക്ക് അനുമതി നേടുമ്പോഴും കേരളത്തിലങ്ങോളമിങ്ങോളം കയ്യേറ്റവും കുടിയേറ്റവും നടത്തി കാടും മണ്ണും വെള്ളവും കാലാവസ്ഥയും ഭാവിയും നശിപ്പിക്കുമ്പോഴും നമുക്കറിയേണ്ടത് നാമെല്ലാവരും ജീവിക്കുന്ന വീട്-ഭൂമി-ഇനിയൊരിക്കലും സുരക്ഷിതമല്ലാത്ത രീതിയിൽ നശിപ്പിക്കപ്പെടുകയാണെന്നാണ് കയ്യേറ്റം നടത്തുന്ന ഏതാനും ചില കുറ്റവാളികളായല്ല, അറിഞ്ഞോ അറിയാതേയോ മൗനം പാലിക്കുന്ന കൂട്ടുപ്രതികളായാണ് നമ്മൾ വിധിക്കപ്പെടുക. വളരെ പെട്ടെന്ന് വലിയൊരു ഭൂകമ്പമോ മലവെള്ള പാച്ചിലോ അഗ്നിപർവ്വതം പോലെയോ ആണ് ഇപ്പോഴത്തെ നിർമ്മാണമെന്ന (കൺസ്ട്രക്ഷൻ) നശീകരണം. ഈ ആർത്തി ആരേയും രക്ഷിക്കില്ല. നമ്മൾ ജനങ്ങളാണ് തീരുമാനിക്കേണ്ടത്. ഇപ്പോഴില്ലെങ്കിൽ മറ്റൊരു അവസരം ഉണ്ടാകില്ല. അല്ലെങ്കിൽ പ്രകൃതി നമ്മുടെ നാശം സ്വാഭാവികമായും തീരുമാനിക്കും. ജീവന്റെ നിലനില്പാകട്ടെ നമ്മുടെ തീരുമാനത്തിന്റെ അടിസ്ഥാനം.